LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ആഫീസിനെക്കുറിച്ച് ഉന്നയിച്ച ആരോപണങ്ങൾ

249 (255) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ആഫീസിനെക്കുറിച്ച് മുൻ മന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. ഇക്കാര്യം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നൽകിയിരുന്ന കത്തിന്മേൽ സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കാമോ;

(സി) ആരോപണം ഉന്നയിച്ച ആളിൽ നിന്നും, ആരോപിതരായവരിൽ നിന്നും വിജിലൻസ് തെളിവ് എടുത്തിട്ടുണ്ടോ;

(ഡി) ഏത് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആരെല്ലാമാണ് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിനെക്കുറിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ അന്വേഷണമൊന്നും നടക്കുന്നില്ല.

പൊതുമരാമത്ത് വകുപ്പുമന്ത്രിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

250 (256) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ആഫീസിനും എതിരെ ലോകായുക്തയ്ക്ക് പരാതി ലഭിച്ചിട്ടുണ്ടോ; ലോകായുക്ത കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഈ കേസിൽ മുൻ മന്ത്രിയും നിയമസഭാംഗവുമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ മൊഴി നൽകിയിട്ടുണ്ടോ ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) മന്ത്രിക്കും ആഫീസിനും എതിരായുള്ള പരാതിയിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?